# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3298** | **14.07.2015 ന് മറുപടിയ്ക്ക്**

## മദ്യനയം മൂലമുള്ള വരുമാന നഷ്ടം

**ചോദ്യം**

**ശ്രീ.എ.എ.അസീസ് :**

(എ) ഈ സർക്കാരിന്റെ പുതിയ മദ്യനയത്തിന്റെ ഫലമായി ഖജനാവിലേക്ക് ലഭിക്കേണ്ടിയിരുന്ന എത്ര രൂപയാണ് നാളിതുവരെ നഷ്ടമായിട്ടുള്ളത്; എത്ര ശതമാനം ;

**ഉത്തരം**

**ശ്രീ. കെ. എം.മാണി**
**(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി )**

(എ) സംസ്ഥാനത്തു പ്രവർത്തിച്ചുകൊണ്ടിരുന്ന 710 ബാറുകൾ (എഫ്.എൽ.3 ഷോപ്പുകൾ) നിർത്തലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽ കിട്ടേണ്ട തുകയിൽ കുറവ് വന്നിട്ടുണ്ട്. കൂടാതെ മദ്യ ഉപഭോഗത്തിൽ കുറവു വന്നിട്ടുള്ളതിനാൽ ഈ മേഖലയിൽ നിന്നും എക്സൈസ് ഡ്യൂട്ടി തുടങ്ങിയ ഇനങ്ങളിൽ ലഭിക്കേണ്ട വരുമാനത്തിൽ സാരമായ കുറവു വരുവാൻ സാദ്ധ്യതയുണ്ട്. ഇതു സംബന്ധിച്ച വരുമാനക്കുറവ് പൂർണ്ണമായും കണക്കാക്കിയിട്ടില്ല. എന്നാൽ ബാറുകൾ അടച്ചതിനുശേഷം കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴി 2015 മെയ് മാസം വരെ നടന്ന മദ്യ വിൽപ്പനയിൽ നിന്നുള്ള വരുമാനത്തിൽ കുറവുണ്ടായിട്ടില്ല. 2015-16 ലെ മാസ വില്പന 2014-15 മായി താരതമ്യം ചെയ്ത് ചുവടെ ചേർക്കുന്നു.

| മാസം | 2015-16 | 2014-15 |
|---|---|---|
| ഏപ്രിൽ | 992.90 | 880.81 |
| മെയ് | 1006.15 | 899.71 |
| **ആകെ** | **1999.05** | **1780.52** |

നടപ്പ് സാമ്പത്തിക വർഷം നികുതിപിരിവ് ലക്ഷ്യമിട്ടിരിക്കുന്നത് 2600.66 കോടി രൂപയാണ്. 2015 ജൂൺ വരെയുള്ള കാലയളവിൽ സമാഹരിക്കാനായത് 501.57 കോടി രൂപയാണ്.

സംസ്ഥാനത്ത് പ്രവർത്തിച്ചു കൊണ്ടിരുന്ന

| | | | |
|---|---|---|---|
| | | | 710 എഫ്.എൽ-3 ലൈസൻസുള്ള ബാറുകൾ നിർത്തലാക്കിയതും 52 എഫ്-എൽ-1 വിദേശ മദ്യ ഔട്ട് ലെറ്റുകൾ നിർത്തലാക്കിയതും എക്സൈസ് നികുതി വരുമാനത്തിൽ കുറവു വരുത്തിയിട്ടുണ്ട്. 710 എഫ്-എൽ-3 ലൈസൻസുകൾ നിർത്തലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽ മാത്രം എക്സൈസ് നികുതി വരുമാനത്തിൽ 163.30 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ പിഴയിനത്തിലും മറ്റും ടി ലൈസൻസികളിൽ നിന്നും ലഭിച്ചിരുന്ന വരുമാനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്.<br>എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വില്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ മുൻവർഷങ്ങളിലെ വിദേശമദ്യ വിൽപ്പനയുമായി താരതമ്യം ചെയ്യുമ്പോൾ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ആയതിനാൽ തന്നെ എക്സൈസ് വകുപ്പുവഴി സമാഹരിക്കാനുദ്ദേശിക്കുന്ന വരുമാനത്തിൽ കുറവ് പ്രതീക്ഷിക്കുന്നുണ്ട്. |
| (ബി) | ഈ വരുമാന നഷ്ടം നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | (ബി) | മദ്യത്തിന്റെ ഉപഭോഗം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടു വരികയാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്. ആയതിനാൽ മദ്യ വില്പനയിൽ വർദ്ധനവു വരുത്തി വരുമാനത്തിന്റെ വളർച്ചാ നിരക്ക് കൂട്ടുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടില്ല. എന്നാൽ മദ്യത്തിന്മേലുള്ള വില്പന നികുതി, എക്സൈസ് ഡ്യൂട്ടി എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**